Vol. 11 No. 2 Dukhrana 2021

# സാതോം

## ഫെലോഷിപ്പ്



പ്രേഷിത സഹകാരികൾക്കുള്ള പ്രസിദ്ധീകരണം

# CONTENTS

VOL. 11, NO.2, EASTER 2021

Patron:
**Very Rev. Fr Antony Perumanoor**

Managing Editor:
**Rev. Fr Peter Kavumpuram**

Chief Editor:
**Fr. Monse Kuruvakunnel**

Editorial board:
**Fr Justine Vettukallel**
**Fr James Kurukilamkatt**
**Sr Ancil Maria FCC**
**Mr Issac Olickal**

Design & Layout:
**Jibin Mathew**

Direct all correspondence to:
Editor
Santhome Fellowship
Deepti bhavan
Melampara-686578
Kottayam, Kerala, India

Tel. +91 4822-236353
Mob. +91 9495992501
9544183779

E-mail:
mstassociates@gmail.com
Web: www.mstworld.org/santhome-fellowship

Santhome Fellowship is a missionsry periodical of the missionary society of st thomas apostle(mst) for all its friends and collaborates
(Private circulation only)

04 ജനറാളച്ചന്റെ സന്ദേശം
ഫാ. ആന്റണി പെരുമാനൂർ

06 പിതാവ് മക്കളോട്
മാർ സെബാസ്റ്റ്യൻ വടക്കേൽ

07 മാർഗ്ഗം തെളിച്ച മാർത്തോമാശ്ലീഹാ
ഫാ. അഖിൽ മ്ലാവിൽ

14 ഒരു ഒറീസാ യാത്രയുടെ ഓർമ്മയിൽ
[illegible]

18 പ്രേഷിത വഴിയിൽ
സിസ്റ്റർ അൽബീന SMS

22 ഫോട്ടോ ഫീച്ചർ

24 വഴിത്താര തീർക്കുന്നവർ
ഫാ. ജോസഫ് കരോടൻ

# എഡിറ്റോറിയൽ

ദുക്റാന വിശുദ്ധ തോമാശ്ലീഹായുടെ ഓർമ്മ തിരുനാൾ. ഉത്ഥിതനായ ഗുരുവിന്റെ മുമ്പിൽ ജീവിതം സമർപ്പിച്ച് അവന്റെ തിരുമുറിവുകളെ സ്പർശിച്ചറിഞ്ഞ വിശ്വാസം ഭാരതത്തിന്റെ മണ്ണിൽ പകർന്നു തന്നു നമുക്കും അവനോടൊപ്പം പോയി മരിക്കാം എന്ന് സഹശിഷ്യരെ ഓർമ്മപ്പെടുത്തിയ ശ്ലീഹ ഭാരതത്തിൻറെ മണ്ണിൽ തന്റെ രക്തം കൊണ്ടെഴുതി എന്റെ കർത്താവെ എന്റെ ദൈവമേ. തൻറെ ഗുരുവിനെ കാണണം എന്ന് സ്നേഹബുദ്ധ്യാ ശാഠ്യം പിടിക്കുന്ന തോമാശ്ലീഹായെയും ശിഷ്യന്റെ നിർബന്ധത്തിന് മുമ്പിൽ തോറ്റു കൊടുക്കുന്ന ഈശോയെയുമാണ് ദുക്റാന തിരുനാൾ നമ്മെ ഓർമ്മിപ്പിക്കുന്നത്. ദുക്റാനാ എന്നാൽ ഓർമ എന്നർത്ഥം. ഓർമയുണ്ടാവണം പിന്നിട്ട വിശ്വാസ വഴികളെ കുറിച്ചും വിശ്വാസം പകർന്നു തന്ന പൂർവികരെ കുറിച്ചും. നിയമാവർത്തന പുസ്തകത്തിൽ ദൈവം മോശയോട് പറയുന്നു; "നീ ഈ മന്നയിൽ കുറച്ചെടുത്തു വാഗ്ദാന പേടകത്തിൽ സൂക്ഷിച്ചു വയ്ക്കണം വരുന്ന തലമുറ ഇതെന്ത് എന്നു ചോദിക്കുമ്പോൾ ദൈവം നിന്റെ നിങ്ങൾക്ക് വേണ്ടി ചെയ്ത മഹാ കാര്യങ്ങൾ അവരോടു പറയണം". ശവസംസ്കാര വേളയിൽ ചെയ്തു പോരുന്ന ഒരു കർമം ഉണ്ട്; മരണമടഞ്ഞ വ്യക്തിയുടെ കയ്യിൽ പിടിക്കുന്ന കുരിശു രൂപം എടുത്തു അടുത്ത അവകാശിക്കു കൈമാറും. ഇതു സൂചിപ്പിക്കുന്നത് എത്ര സമ്പന്നനായാലും, വരുന്ന തലമുറയ്ക്ക് കൊടുക്കാൻ വിശ്വാസവും ഈ ക്രൂശിതനും മാത്രമേ ഉള്ളു എന്നാണ്. നമ്മുടെ പൂർവികർ നമുക്ക് പകർന്നു തന്ന വിശ്വാസം വരുന്ന തലമുറയ്ക്ക് കൊടുക്കാൻ എത്ര തീക്ഷണത ഞാൻ കാണിച്ചിട്ടുണ്ട് എന്നു ഈ തിരുനാളിൽ ആത്മ പരിശോധന ചെയ്യുന്നത് നല്ലതാണ്.

തനിക്കു വേണ്ടി മാത്രം വീണ്ടും ഒരിക്കൽക്കൂടി ഗുരു പ്രത്യക്ഷപ്പെട്ടു എന്ന് മനസ്സിലാക്കികൊണ്ട്, പേരെടുത്തു വിളിച്ചു തിരുവിലാവിൽ കരങ്ങൾ ചേർക്കാൻ തന്നെ ക്ഷണിച്ച ഗുരുവിന്റെ സ്നേഹത്തിനു മുമ്പിൽ ഉള്ള ശിഷ്യന്റെ സമർപ്പണമാണ് 'എന്റെ കർത്താവേ! എന്റെ ദൈവമേ! എന്ന അവന്റെ നിലവിളി. മാർതോമാ ശ്ലീഹായെപ്പോലെ നമുക്കും ആത്മാർഥമായി ഗുരുവിനെ സ്നേഹിക്കാം, ഈശോയെ പോലെ കൂടെയുള്ളവരുടെ സ്നേഹശാഠ്യങ്ങൾക്ക് മുമ്പിൽ സ്വയം തോറ്റു കൊടുക്കാൻ, അല്പം കൂടെ ചെറുതാകാൻ ദുക്റാന തിരുനാൾ നമ്മളെയും നിർബന്ധിക്കുന്നില്ലേ? ഒപ്പം കൈമാറിക്കിട്ടിയ വിശ്വാസം വരുന്ന തലമുറയ്ക്കും ചുറ്റുമുള്ളവർക്കും പകർന്നു കൊടുക്കാനുള്ള ഒരു വെല്ലുവിളി കൂടിയാണ് ദുക്റാന തിരുനാൾ.



എല്ലാവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചു കൊണ്ട് സ്നേഹപൂർവ്വം..

**മോൻസച്ചൻ**



# ജനറാളച്ചന്റെ സന്ദേശം

"നമുക്കും അവനോടു കൂടെ പോയി മരിക്കാം! "(യോഹന്നാൻ 11:16)

ഭാരതത്തിന്റെ അപ്പസ്തോലനും സഭയുടെ വിശ്വാസ പിതാവുമായ വിശുദ്ധ തോമാ ശ്ലീഹായെക്കുറിച്ച് ഓർക്കുമ്പോൾ എല്ലാവരുടെയും മനസിലേക്ക് വരുന്ന രണ്ടു പ്രധാന ചിന്തകളിൽ ഒന്നാണ് 'നമുക്കും അവനോടു കൂടെ പോയി മരിക്കാം' എന്നത്. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന വിശ്വാസ പ്രഖ്യാപനം നമ്മുടെ വിശ്വാസത്തിന്റെ സാക്ഷ്യമായി നിലകൊള്ളുന്നു. ഈ കോവിഡ് കാലത്ത് ഒരു പക്ഷേ ഏറ്റവും കൂടുതൽ ശ്രദ്ധ നേടേണ്ട അല്ലെങ്കിൽ നേടുന്ന വാചകം നമുക്കും അവനോടു കൂടെ പോയി മരിക്കാം എന്നതാണ്. കോവിഡ് എന്ന മഹാമാരി ലോകം മുഴുവൻ കനത്ത നാശവും മരണവും വിതച്ച് മുന്നേറുമ്പോൾ ഭാരത സഭയ്ക്കു ഇതുവരെ നഷ്ടമായിരിക്കുന്നത് നിരവധി വൈദികരെയാണ്. സേവനത്തിന്റെ പാതയിൽ മാർഗദീപമായി നിലകൊള്ളുന്ന നിരവധി സന്യസ്തരെയും അൽമായ സുഹൃത്തുക്കളെയുമാണ്. ഇവരിൽ പലരും കോവിഡ് പ്രതിരോധത്തിനായി സന്നദ്ധ പ്രവർത്തനങ്ങളുടെ മുൻനിരയിൽ ഉണ്ടായിരുന്നവരാണ്.

കോവിഡ് സ്ഥിരീകരിച്ച ആദ്യകാലങ്ങളിൽ, രോഗബാധിതരെ ചികിത്സിക്കുന്നതിനു പോയിട്ട് സമീപത്തു പോലും പോകുന്നതിന് മറ്റുള്ളവർ മടിച്ചു നിന്ന സമയത്തു പോലും രോഗികളെ ആട്ടിപ്പായിക്കാതെ അവരെ സ്വജീവൻ പണയംവെച്ചു ശുശ്രൂഷിച്ചവരും, കോവിഡ് മൂലം മരണപ്പെട്ടവരുടെ മൃതസംസ്കാരം നടത്താൻ ആരും ശ്രമിക്കാതിരുന്ന സമയത്ത് അവരുടെ ജാതിയും മതവും മതാനുഷ്ഠാനങ്ങളും നോക്കാതെ മൃതസംസ്കാരം നടത്തിക്കൊടുത്തും നമ്മുടെ വൈദികരും അൽമായ സഹോദരങ്ങളും മാതൃകയായിട്ടുണ്ട്.

ഇന്ന് കേരളത്തിനകത്തും പുറത്തുമുള്ള എല്ലാ ഇടവകകളിലും

യുവദീപ്തി, എസ്.എം.വൈ.എം, കെ.സി.എസ്.എൽ സംഘടനകളുടെ നേതൃത്വത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമായി നിലകൊള്ളുകയാണ് നമ്മുടെ അൽമായ സുഹൃത്തുകൾ. രോഗപ്രതിരോധത്തിനു സജ്ജരായി സജീവ പ്രവർത്തകരായി നിലകൊള്ളുന്ന ഇവർ എല്ലാ അർഥത്തിലും മറ്റുള്ളവർക്ക് പ്രചോദനവും മാതൃകയുമാണ്.

കോവിഡ് രോഗികളുടെ ഭവനങ്ങളും രോഗബാധിത പ്രദേശങ്ങളും അണുനശീകരണം നടത്തുക, രോഗികൾക്കും ക്വാറന്റയിനിൽ കഴിയുന്നവർക്കും ഭക്ഷണം, മരുന്ന് തുടങ്ങിയവ എത്തിച്ചു നൽകുക, ആവശ്യനേരത്ത് രോഗികളെ ചികിൽസയ്ക്കായി ആശുപത്രിയിൽ എത്തിക്കുക തുടങ്ങി നിരവധി സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് നമ്മുടെ യുവജനങ്ങൾ നടത്തിവരുന്നത്. ഏതു സമയത്തും രോഗബാധിതരായേക്കാമെന്നും മരണം വരെ സംഭവിച്ചേക്കാമെന്നുമുള്ള ബോധ്യത്തോടു കൂടെതന്നെയാണ് ഇവർ പ്രവർത്തിക്കുന്നത്. എന്നാൽ യാതൊരു തരത്തിലുമുള്ള ഭയാശങ്കകൾ തങ്ങളെ പിടികൂടാതിരിക്കാൻ ഇവർ ദൈവത്തിൽ പ്രത്യാശയർപ്പിക്കുന്നു. തന്റെ ജീവൻ അപകടത്തിൽ ആയാലും കർത്താവിനു വേണ്ടിയാണെങ്കിൽ സന്തോഷത്തോടെ അതു സ്വീകരിക്കാൻ തയാറായ ശിഷ്യനാണ് മാർ തോമാ ശ്ലീഹാ. ശ്ലീഹൻമാരിൽ ഏറ്റവും ധൈര്യശാലി. മറ്റുള്ളവർ ഭയചകിതരായി പുറത്തിറങ്ങാൻ മടിച്ചിരുന്ന സമയത്തും സധൈര്യം പുറത്തിറങ്ങി നടന്ന ഏക ശിഷ്യൻ. ഈ ധൈര്യം തന്നെയാണ് മാർ തോമാശ്ലീഹായെ മറ്റു ശിഷ്യൻമാരിൽ നിന്നു വ്യത്യസ്തനാക്കുന്നതും. മാർതോമാ ശ്ലീഹായുടെ ഈ ധൈര്യവും ചങ്കൂറ്റവുമാണ് ഇന്നത്തെ തലമുറയ്ക്ക് പ്രചോദനം. ഏതു സമയത്തും മരണം സംഭവിക്കാമെന്ന് ഉറപ്പിച്ചു തന്നെ യേശുവിനൊപ്പം ജറുസലേമിലേക്ക് നീങ്ങാൻ തയാറായ മാർ തോമാ ശ്ലീഹാ നമുക്ക് യുവസമൂഹത്തിന് വലിയ പ്രചോദനമായി നിലകൊള്ളുന്നു. മുന്നിലുള്ള പ്രതിസന്ധികളെ സധൈര്യം നേരിട്ട് തരണം ചെയ്യുന്നവനാണ് യഥാർഥ പോരാളി. നാം ഓരോരുത്തരും ഇത്തരം പോരാളികളാകാൻ വിളിക്കപ്പെട്ടവരാണ്. മുന്നോട്ടുള്ള ജീവിതത്തിൽ മാർ തോമാശ്ലീഹായുടെ ധൈര്യവും വിശ്വാസ തീക്ഷണതയും നമ്മെ ഏവരെയും പ്രചോദിപ്പിക്കട്ടെ. ഏവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

**സ്നേഹപൂർവ്വം,**

**ഫാ. ആന്റണി പെരുമാനൂർ**

**ഡയറക്ടർ ജനറൽ എം. എസ്. റ്റി**



# പിതാവ് മക്കളോട്.!

മിശിഹായിൽ പ്രിയ സാന്തോം ഫെലോഷിപ്പ് അംഗങ്ങളെ,

ഉന്നതമായ ദൈവദർശനത്തിനായി നിരന്തരം പ്രാർത്ഥനകളും യാചനകളും നടത്തിവരുന്ന ഒരു സമൂഹത്തിലേക്കാണ് രക്ഷകനായ ക്രിസ്തുവിനെ കൊടുക്കാൻ കടലുകൾ താണ്ടി തോമസ് അപ്പസ്തോലൻ വരുന്നത്. നമ്മെ വിശ്വാസത്തിൽ ജനിപ്പിച്ച തോമാശ്ലീഹായുടെ രക്തസാക്ഷിത്വ തിരുനാൾ ആഘോഷിക്കുന്ന നമുക്ക്, ശ്ലീഹാ സ്വജീവിത സാക്ഷ്യത്തിലൂടെ പകർന്നു തന്ന വചനവും വിശ്വാസവും നെഞ്ചോട് ചേർത്തു പിടിക്കുവാനും പൈതൃകമായി ലഭിച്ച ഈ നിധി നഷ്ടപ്പെടാതെ നമ്മുടെ കുടുംബങ്ങളിലൂടെ കാത്തുസൂക്ഷിക്കുവാനും പരിശ്രമിക്കാം. ക്രിസ്തു ശിഷ്യരിൽ തന്റെ ജീവിതം കൊണ്ടും ധീരതകൊണ്ടും പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതിലുള്ള തത്പരതകൊണ്ടും യേശുവിന്റെ ഇരട്ടയായിത്തീർന്നവനാണു തോമ്മാശ്ലീഹാ. ദിദീമോസ് എന്ന പേരിലൂടെ യേശുവിന്റെ ജീവിതത്തോടു തന്റെ ജീവിതം ചേർത്തുവച്ചവനാണ് ധീരനായ തോമാശ്ലീഹാ. യേശു നാഥൻ തന്റെ മനുഷ്യാവതാര കാലത്തു ചെയ്ത പ്രവൃത്തികൾ സ്വന്തം ജീവിതത്തിലൂടെ തുടർന്നവനാണു വിശുദ്ധ തോമ്മാശ്ലീഹ. ഭാരതമണ്ണിൽ വരികയും, തന്റെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ശ്ലീഹാ സുവിശേഷം പ്രഘോഷിക്കുകയും പിതാവിന്റെ ഇഷ്ടം നിറവേറ്റുകയും ചെയ്തു. അങ്ങനെ പേരുപോലെ തന്നെ തന്റെ ജീവിതത്തിലൂടെയും മരണത്തിലൂടെയും യേശുവിനു സദൃശ്യനാവുകയും യേശുവിന്റെ ഇരട്ടയാവുകയും ചെയ്തു. പ്രിയ പ്രേഷിത സഹകാരികളേ, നമുക്കും നമ്മുടെ ജീവിതത്തിൽ യേശുവിന്റെ ഇരട്ടയാകാൻ പരിശ്രമിക്കാം. ജീവിതത്തിലൂടെയും മരണത്തിലൂടെയും നമുക്കും പിതാവിന്റെ ഇഷ്ടം നിറവേറ്റികൊണ്ട്, യേശു തന്റെ മനുഷ്യാവതാരകാലത്തു ചെയ്ത പ്രവൃത്തികൾ തുടരാം. ദുക്റാന തിരുനാളിന്റെ മംഗളങ്ങളും പ്രാർത്ഥനകളും എല്ലാ സാന്തോം ഫെലോഷിപ്പ് അംഗങ്ങൾക്കും കുടുംബങ്ങൾക്കും നേരുന്നു.

**മാർ സെബാസ്റ്റ്യൻ വടക്കേൽ**
**ബിഷപ്പ് ഉജ്ജൈൻ രൂപത**



# മാർഗ്ഗം തെളിച്ച മാർതോമാശ്ലീഹാ



ഫാ. അഖിൽ മ്ലാവിൽ
എം. എസ്. റ്റി

ക്രിസ്തുവിനെ ആഴമായി സ്നേഹിച്ച ശിഷ്യൻ, അവനോടൊപ്പം മരിക്കുവാൻ ആഗ്രഹിച്ചവൻ, തെല്ലും ശങ്കയില്ലാതെ സംശയങ്ങൾ ഉന്നയിച്ചവൻ, ഉത്ഥിതനെ നേരിൽ കാണുവാൻ ആഗ്രഹിച്ചവൻ, ഗുരു ഏല്പിച്ച അവസാന ദൗത്യം ശിരസ്സാവഹിച്ച് കാതങ്ങൾ താണ്ടിയവൻ, ക്രിസ്തു ശിഷ്യരിൽ ധീരനും കർമ്മനിരതനുമായവൻ: തോമസ്വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ഒരിക്കൽ കൂടി ആഗതമാകുന്നു. ഈ അവസരത്തിൽ, താൻ അനുഭവിച്ച ക്രിസ്തുവിനെ കർത്താവും ദൈവവുമായി ഏറ്റുപറഞ്ഞ അപ്പസ്തോലനെപ്പറ്റി ആഴത്തിൽ മനസ്സിലാക്കുന്നത് ഉചിതമായിരിക്കും.

## സുവിശേഷങ്ങളിലെ തോമസ്



സുവിശേഷങ്ങളിൽ വി.യോഹന്നാന്റെ സുവിശേഷത്തിലൂടെയാണ് തോമാശ്ലീഹാ നമുക്ക് കൂടുതൽ സുപരിചിതനാകുന്നത്. സമാന്തര സുവിശേഷങ്ങളിൽ (മത്തായി, മർക്കോസ്, ലൂക്കാ) പന്ത്രണ്ടു ശിഷ്യൻമാരുടെ പേരുകൾക്കിടയിൽ മാത്രം പ്രതിപാദിക്കപ്പെടുന്ന തോമസ്, യോഹന്നാന്റെ സുവിശേഷത്തിൽ മൂന്ന് പ്രധാന സംഭവങ്ങളിൽ പ്രത്യക്ഷപ്പെടുന്നു.

### 1. നമുക്കും അവനോടൊപ്പം പോയി മരിക്കാം (യോഹന്നാൻ11:16)

യോഹന്നാന്റെ സുവിശേഷത്തിൽ തോമസ് ആദ്യമായി പ്രത്യക്ഷപ്പെടുന്നത്, ലാസറിന്റെ മരണശേഷം യേശു ബഥാനിയായിലേക്ക് പോകുവാൻ തീരുമാനിക്കുമ്പോൾ ശിഷ്യൻമാർ ഭയം മൂലം അവിടുത്തെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്ന സാഹചര്യത്തിലാണ്. തദവസരത്തിൽ തോമസ് തന്റെ സഹശിഷ്യരെ ധൈര്യപ്പെടുത്തി ഇപ്രകാരം പറഞ്ഞു, “അവനൊടൊപ്പം മരിക്കാൻ നമ്മുക്കും പോകാം”. യേശുവിനൊപ്പം പോയി മരിക്കാൻ തോമസ് കാണിച്ച ഈ സന്നദ്ധതയും ഉത്സാഹവും ശ്ലീഹായുടെ ധൈര്യത്തിന്റെയും നേതൃപാടവത്തിന്റെയും മകുടോദാഹരണമാണ്. ഈ ധൈര്യമാണ് ഭാരതത്തിലെത്തി തനിക്കുണ്ടായ മിശിഹാനുഭവത്തെ പങ്കുവയ്ക്കുവാൻ തോമസിനെ ശക്തനാക്കിയത്.

**2. പിതാവിങ്കലേക്കുള്ള വഴി (യോഹന്നാൻ 14: 5)**

യേശുവിന്റ അന്ത്യത്താഴ സമയത്താണ് നാം തോമസിനെ രണ്ടാമതായി കാണുന്നത്. അവിടുന്ന് പിതാവിങ്കലേക്ക് തിരികെ പോകുന്നതിനെക്കുറിച്ച് വാചാല നായപ്പോൾ, "നീ എവിടേക്ക് പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞു കൂടാ; പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും"? എന്ന തന്റെ സംശയം, ഗുരുവിനോട് നേരിട്ട് ചോദിക്കുന്ന തോമസിനെ നാം കണ്ടുമുട്ടുന്നു. തോമസിന്റെ ഈ സംശയമാണ്, ക്രിസ്തുവിനെ വഴിയും സത്യവും ജീവനുമായി പ്രഘോഷി ക്കുവാൻ സജ്ജനാക്കിയത്. യേശുവിന്റെ സ്വയം വെളിപ്പെടുത്തലിൽ തോമസ് പ്രധാന പങ്കുവഹിച്ചു എന്നതിലുപരി തന്റെ പ്രേഷിത പ്രവർത്തനരംഗത്തെ ആളുകൾക്ക് അവനെ വഴിയും, സത്യവും, ജീവനുമായി വെളിപ്പെടുത്തുന്നതിനും ഈ സംശയം അദ്ദേഹത്തിന് കൃപയായി ഭവിച്ചു എന്നത് പ്രേഷിതരായ നമുക്കും ശക്തി പകരുന്നു.

**3. എന്റെ കർത്താവേ! എന്റെ ദൈവമേ! (യോഹന്നാൻ 20: 28)**

യോഹന്നാന്റെ സുവിശേഷത്തിൽ മൂന്നാമതായി തോമസിനെ കണ്ടുമുട്ടുന്നത് ഉത്ഥാനശേഷം ഈശോ ശിഷ്യർക്കു പ്രത്യക്ഷപ്പെടുന്ന അവസരത്തിലാണ്. ഉത്ഥാനശേഷം ഈശോ ശിഷ്യർക്ക് ആദ്യമായി പ്രത്യക്ഷപ്പെട്ടപ്പോൾ തോമസ് അവരോടൊപ്പം ഉണ്ടായിരുന്നില്ല. ഈശോയെ അത്രമാത്രം സ്നേഹിച്ചിരുന്ന തോമസിന് ഇത് ഉൾക്കൊള്ളാനാവുന്നതിനുമപ്പുറമായിരുന്നു. ക്രിസ്തുവിനോടുള്ള അഗാധമായ സ്നേഹമാണ് തന്റെ ഗുരുവിനെ കാണാതെ, അവന്റെ മുറിവുകളിൽ സ്പർശിക്കാതെ വിശ്വസിക്കുകയില്ല എന്നു പറയാൻ തോമസിനെ പ്രേരിപ്പിച്ചത്. എട്ട് ദിവസങ്ങൾക്ക് ശേഷം കണ്ടപ്പോൾ ആകെ പറയാനുണ്ടായിരുന്നത് ഇത്ര മാത്രം, "എന്റെ കർത്താവേ! എന്റെ ദൈവമേ!".

യേശുക്രിസ്തുവിലുള്ള ഒരാളുടെ വ്യക്തിപരമായ വിശ്വാസത്തിന്റെ ഏറ്റവും മഹത്തായ പ്രഖ്യാപനമാണ് 'എന്റെ കർത്താവേ, എന്റെ ദൈവമേ എന്നത്. ക്രിസ്തു സംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുവാനും ക്രിസ്തുവിനൊപ്പം ജീവിക്കുവാനും സാധിച്ച ഒരു അപ്പസ്തോലന്റെ വ്യക്തിപരമായ വിശ്വാസാ

നുഭവത്തിന്റെ പൂർണതയാണത്. സഹസ്രാബ്ദങ്ങൾക്കിപ്പുറവും ഈ പ്രാർത്ഥന യേശുവിന്റെ സാന്നിധ്യം അനുഭവിക്കുവാൻ നമ്മെ സഹായിക്കുന്നു.

## തോമാശ്ലീഹായുടെ ആത്മീയതയുടെ വിവിധ മാനങ്ങൾ

ഈശോമിശിഹായുടെ അപ്പസ്തോലനായ തോമസ്, ഏതൊരു മിഷനറിയുടെയും ഉത്തമ മാതൃകയാണ്. തന്റെ ഗുരുവിനെ പൂർണ്ണമായി ഉൾക്കൊണ്ട്, അവിടുന്നു കല്പിച്ചവ ശിരസ്സാവഹിച്ചവനാണ് തോമസ് . ശ്ലീഹായുടെ മിഷനറി യാത്രകളും ഭാരതത്തിലെ പ്രേഷിത പ്രവർത്തനങ്ങളുമെല്ലാം പകരം വയ്ക്കാൻ സാധിക്കാത്തവയാണ്. തോമസിന്റെ ജീവിതം പൂർണ്ണമായും ക്രിസ്തുവിനായി സമർപ്പിക്കപ്പെട്ടതായിരുന്നു. താൻ അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ പൂർണമായും കർത്താവും ദൈവവുമായി പ്രഘോഷിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യവും മാർഗവും.

### 1. വിശ്വാസത്തിൽ പിതാവും മാതൃകയും

വിശ്വാസത്തിൽ നമ്മുടെ പിതാവാണ് മാർതോമശ്ലീഹാ. ശ്ലീഹാ തെളിയിച്ച വിശ്വാസ ദീപമാണ് ഭാരതത്തിൽ ഇന്നും മിന്നിത്തെളിയുന്നതും, അനേകർക്ക് വിശ്വാസ വെളിച്ചം പകരുന്നതും. ക്രിസ്തുവിനെ കർത്താവും ദൈവവുമായി പ്രഖ്യാപിച്ചു കൊണ്ടാണ് തോമസ് തന്റെ വിശ്വാസത്തിന് അടിസ്ഥാനമിട്ട ഈ വിശ്വാസമാണ് ശ്ലീഹാ പ്രഘോഷിച്ചതും. ഈ അടിസ്ഥാനത്തിന്മേലാണ് നമ്മുടെ വിശ്വാസം പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. ക്രിസ്തുവിനോടുണ്ടായിരുന്ന ദൃഢമായ ബന്ധവും ആഴമായ വിശ്വാസവും നമ്മുടെയൊക്കെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ തോമാശ്ലീഹാ എന്നും നമുക്ക് മാതൃകയാണ്.

### 2. ധീരനായ അപ്പസ്തോലൻ

ക്രിസ്തുവിന്റെ ശിഷ്യരിൽ ഏറ്റവും ധീരൻ തോമസാണ് എന്ന് നിസ്സംശയം പറയുവാൻ സാധിക്കും. ക്രിസ്തുവിനൊപ്പം മരിക്കുവാൻ പോലും തയ്യാറാകണമെങ്കിൽ ശ്ലീഹായുടെ ധൈര്യം ഏവരെയും അതിശയിപ്പിക്കുന്നതാണ്. ഈ ധൈര്യമാണ് ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കാൻ ജറുസലേമിൽ നിന്നും വളരെ ദൂരെയുള്ള ഭാരതത്തിലെത്താൻ ശ്ലീഹായ്ക്ക് പ്രചോദന



മായത്. ഈ ധൈര്യം തന്നെയാണ്മൈലാപ്പൂരിൽ വച്ച് ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം വരിക്കുവാൻ ശ്ലീഹായെ ശക്തിപ്പെടുത്തിയതും.

### 3. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശിഷ്യൻ

പന്തക്കുസ്താ അനുഭവത്തിനുശേഷം പരിശുദ്ധാത്മാവിനെ സ്വീകരിച്ച അപ്പസ്തോലന്മാർ സുവിശേഷം പ്രസംഗിക്കുവാൻ പുറപ്പെട്ടു. തോമസിന്റെ (മിഷനറി) പ്രേഷിത ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും പ്രചോദനവും അദ്ദേഹത്തിന്റെ ശക്തിയും ഊർജവും ആയിരുന്നു. ജീവിതത്തിലും പ്രവർത്തനങ്ങളിലും ആത്മാവിന്റെ ശക്തിപ്പെടുത്തലുകൾ അപ്പസ്തോലനെ ആത്മാവിന്റെ വീണകൾക്ക് ജന്മമേകാൻ, പരിശുദ്ധാത്മ-കേന്ദ്രീകൃതമായ വിശ്വാസ സമൂഹങ്ങൾ കെട്ടിപ്പടുക്കുവാൻ, കൃപ നല്കി. കർത്താവിന്റെ ആത്മാവ് എപ്പോഴും തോമസിനെ നയിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തിരുന്നു.

### 4. തീക്ഷണത നിറഞ്ഞ മിഷനറി

തീക്ഷണമതിയായ മിഷനറിയായിരുന്നു മാർ തോമാശ്ലീഹാ. ക്രിസ്തുവിന്റെ സുവിഷേം നെഞ്ചിലേറ്റിയും പ്രസംഗിച്ചും തോമസ് ചുറ്റിസഞ്ചരിച്ചു. നിയതമായ ഒരു താമസസൗകര്യം ഉണ്ടായിരുന്നില്ല എന്നതിനുപരി ശ്ലീഹാ സുവിശേഷ പ്രഘോഷണത്തിനായി പുതിയ



പുതിയ സ്ഥലങ്ങൾ കണ്ടെത്തി സഞ്ചരിച്ചിരുന്നു എന്നതാണ് നമ്മെ പ്രചോദിപ്പിക്കുന്നത്. സ്വദേശമായ ജറുസലേം മുതൽ മൈലാപ്പൂർ വരെ നീളുന്ന തോമസ് അപ്പസ്തോലന്റെ ജീവിതകഥ അചഞ്ചലവും അശ്രാന്തവുമായ ഒരു മിഷനറിയുടെ സുവിശേഷ പ്രഘോഷക യാത്രാവിവരണമാണ്.

**5. പൂർണ്ണ സമർപ്പണം**

പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാളായ തോമസ്, തന്നെ പൂർണ്ണമായും ക്രിസ്തുവിനു സമർപ്പിച്ചു. അദ്ദേഹം, തന്റെ ഗുരുവായ യേശുക്രിസ്തു എന്ന വ്യക്തിയോട് പ്രതിജ്ഞാബദ്ധനായിരുന്നു. യേശുവുമായുള്ള ഊഷ്മളമായ ബന്ധം, ഉയിർത്തെഴുന്നേറ്റ കർത്താവിനെ വ്യക്തിപരമായി അനുഭവിക്കാൻ അവനെ പ്രേരിപ്പിച്ചു. ഉയിർത്തെഴുന്നേറ്റ കർത്താവിനെ അനുഭവിച്ച ശേഷം, അവനോട് പൂർണമായും പ്രതിബദ്ധത കാണിക്കുകയും ഈ പ്രതിബദ്ധത അദ്ദേഹത്തെ വിദൂരവും അജ്ഞാതവുമായ ഇന്ത്യയിലേക്ക് നയിക്കുകയും ചെയ്തു.

"എന്റെ കർത്താവും എന്റെ ദൈവവും" എന്ന ഏറ്റവും വലിയ വിശ്വാസപ്രഖ്യാപനത്തിന് ഇടയാക്കിയ ഉയിർത്തെഴുന്നേറ്റ കർത്താവുമായുള്ള തോമസിന്റെ വ്യക്തിപരമായ കണ്ടുമുട്ടൽ, അദ്ദേഹത്തിന് തന്റെ ഗുരുവിനായി പൂർണമായി കീഴടങ്ങാനും ദൈവരാജ്യത്തിനുവേണ്ടി സ്വയം സമർപ്പിക്കാനും പര്യാപ്തമായിരുന്നു. അദ്ദേഹത്തിന്റെ പൂർണ്ണ സമർപ്പണം അദ്ദേഹത്തിന്റെ

വിശ്വാസ പ്രഖ്യാപനത്തിന്റെ പരിണിത ഫലമായിരുന്നു.

## ഉപസംഹാരം

യേശുവിന്റെ ശിഷ്യരിൽ അതുല്യമായ വ്യക്തിത്വത്തിനുടമയായിരുന്നു തോമസ്. തന്റെ ഗുരുവിനോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും അടുപ്പവും തികച്ചും വ്യക്തിപരമായിരുന്നു. ക്രിസ്തുവിൽ ആഴമായി വിശ്വസിച്ചിരുന്നവനാണ് തോമസ്, അതുകൊണ്ടുതന്നെ ക്രിസ്തുവിനായി അദ്ദേഹം തന്നെത്തന്നെ പൂർണമായി സമർപ്പിച്ചു. ക്രിസ്തുവുമായുള്ള ഈ വ്യക്തിബന്ധമാണ് ഉത്ഥിതനെ നേരിൽ കണ്ട് ഉത്ഥാനാനുഭവം സ്വായത്തമാക്കുവാൻ തോമസിനെ പ്രേരിപ്പിച്ചത്. ക്രിസ്തുവിന്റെ ഉത്ഥാനത്തെ തോമസ് അവിശ്വസിച്ചു എന്നല്ല ഇതിനർത്ഥം മറിച്ച് യേശുവുമായുള്ള വ്യക്തിപരമായ ബന്ധം കാരണം ഉയിർത്തെഴുന്നേറ്റ കർത്താവിന് തനിക്കു പ്രത്യക്ഷപ്പെടാതിരിക്കാൻ കഴിയില്ല എന്ന് തോമസ് വിശ്വസിച്ചിരുന്നു. തോമസിനെ ധീരനായ പ്രേഷിതനാക്കുന്നതും ഈ ബന്ധമാണ്. ക്രിസ്തുവിന്റെ അനുയായികളായ നമ്മെ സംബന്ധിച്ചിടത്തോളം പ്രേഷിത പ്രവർത്തനങ്ങൾക്ക് നമ്മുടെ പിതാവായ തോമാശ്ലീഹാ എന്നും ഒരു ഉത്തമ മാതൃകയാണ്: തന്റെ വിശ്വാസം ഏറ്റുപറഞ്ഞതിലൂടെ... ധീരതയോടെ ക്രിസ്തുവിനൊപ്പം ക്രിസ്തുവിനായി മരിക്കാൻ സന്നദ്ധനായതിലൂടെ ... ഗുരുവിനായി തന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ചതിലൂടെ ...

"ഭാരതം കതിരു കണ്ടു  
പൂമുഖം തെളിവു കണ്ടു  
മാർത്തോമാ നീ തെളിച്ച  
മാർഗത്തിൽ ആയിരങ്ങൾ  
ആനന്ദ കാന്തി കണ്ടു.."



# ഒരു ഒറീസാ യാത്രയുടെ ഓർമയിൽ...



**സാബു മേച്ചേരിൽ**

തണുപ്പധികമില്ലാത്ത നവംബറിന്റെ ഒരു പുലർകാലത്ത് കോൺവെന്റിന്റെ ചാപ്പലിൽ നിന്നും പരിശുദ്ധ കുർബാനയുടെ അനുഗ്രഹങ്ങൾ സ്വീകരിച്ച് മനസ്സുനിറഞ്ഞ സന്തോഷത്തോടെ ഞങ്ങൾ യാത്ര തുടങ്ങുമ്പോൾ മാനം വെള്ളികുട നിവർത്തി തുടങ്ങിയിരുന്നു. തിരക്കൊഴിഞ്ഞ ഹൈവേകൾ ഞങ്ങളുടെ യാത്രയെ സുഖകരമാക്കി. മഹാമാരി ദുരിതങ്ങൾ വാരിവിതറിയ നാടും നഗരങ്ങളും പിന്നിട്ട് ആളൊഴിഞ്ഞ ഗ്രാമക്കാഴ്ചകളെ പിന്നിലാക്കി വേഗത്തിൽ കുതിക്കുന്ന കാറിനകത്ത് പ്രാർത്ഥന ഈരടികളുമായി ഒറീസ്സായിലെ ബലിഗുഡയിലേക്ക് വീണ്ടും ഒരു മിഷൻ യാത്ര. തമിഴ്നാടിന്റെ പകൽ ചൂടിലും നഗരങ്ങളിൽ ആൾ തിരക്കുകളേറെയായിരു

ന്നു. പലവർണ്ണങ്ങളിലെ മാസ്കുകൾ പാതിമുഖം മറച്ചപ്പോഴും അവരുടെ കണ്ണുകളിൽ തളം കെട്ടിയ ദയനീയത! ഇനി എന്ത് എന്ന ചോദ്യങ്ങൾക്ക് ഉത്തരം തേടിയുള്ള അലച്ചിലിന്റെ വിയർപ്പുമണികൾ പരിഭവങ്ങൾ പറയാതെ നിലത്തു വീണുടഞ്ഞു. മരണം നിഴൽ വിരിച്ച കണ്ണീർകയങ്ങളിൽ നിന്നും ജീവന്റെ തുടിപ്പുകൾ നിലനില്പിന്റെ വരത്തിനായ് പൊരുതാൻ ഒത്തുകൂടുന്ന നഗരകാഴ്ചകളെ പിറകിലേക്കയച്ച് ഞങ്ങൾ യാത്രതുടർന്നു.

രാത്രികളിലെ വിശ്രമങ്ങൾക്കും, പ്രഭാതത്തിലെ ബലിയർപ്പണങ്ങൾക്കും ദൈവം ഞങ്ങൾക്കൊരുക്കി തന്ന വൈദീക മന്ദിരങ്ങൾ, വാത്സല്യം നിറഞ്ഞ ഇടയമൊഴികൾ, സാഹോദര്യത്തിന്റെ, സ്നേഹ പ്രകടനങ്ങൾ ദൈവം നല്കുന്ന കരുതലിന് നന്ദി പറഞ്ഞ് ഒറീസയുടെ പച്ചതലപ്പുകൾ നിറഞ്ഞ കാനന വഴികളിലൂടെ ഞങ്ങൾ യാത്ര തുടർന്നു. മഴപോലെ പെയ്തിറങ്ങുന്ന വെള്ളിനൂലുകൾ റോഡിൽ വട്ടം വരച്ച് ഞങ്ങളെ കാത്തുനിന്നിരുന്നു. ഇരുട്ടുമൂടി കിടക്കുന്ന മലയേറ്റങ്ങൾക്കും സ്വകാര്യം പറഞ്ഞൊഴുകി വരുന്ന ചോലകൾക്കും നടുവിലൂടെ... കാടിന്റെ വന്യതക്കും, സൗന്ദര്യത്തിന്റെ ഒത്തിരികഥകൾ പറയാനുണ്ട് എന്ന തിരിച്ചറിവുകളുമായി ദൈവപരിപാലനയുടെ തണുത്ത തലോടുകളെ ആസ്വദിച്ച് പകൽ മാറി ഇരുൾ വീഴും മുൻപേ മഞ്ഞിൽ തണുത്ത് വിറങ്ങലിച്ചു കിടക്കുന്ന ബലിഗുഡയിൽ ഞങ്ങളെ കാത്തുനിന്നിരുന്ന മനു അച്ചന്റേയും ലിബനച്ചന്റേയും നീട്ടിപിടിച്ച കരങ്ങളിലേക്ക് ഞങ്ങൾ നാലു പേരും ഏറ്റവും സന്തോഷത്തോടെ ചേർന്നു നിന്നു.

ഒരു ചെറിയ വീട് അതായിരുന്നു ബലിഗുഡയിലെ വൈദീക മന്ദിരം. വീടിനകത്തെ ചെറിയ ഹാൾ ചാപ്പലാക്കിയിരിക്കുന്നു. സുഖാന്വേഷണങ്ങൾക്കും പ്രാർത്ഥനകൾക്കും ശേഷം രണ്ടു കിടപ്പുമുറികളൊന്നിൽ ഞങ്ങൾ മൂന്നുപേരും ബ്ലാങ്കറ്റുകളുടെ ചെറുചൂടിൽ സുഖമായി ഉറങ്ങുമ്പോൾ മോൻസച്ചൻ അപ്പുറത്ത് യാത്രയുടെ വിശേഷങ്ങൾ പങ്കുവയ്ക്കുകയായിരുന്നു.

പിറ്റേന്ന് ഉച്ചക്കു മുൻപുതന്നെ പല വില്ലേജുകളിൽ നിന്നും വചനം പ്രസംഗിക്കുന്ന പത്തോളം ദൈവദാസന്മാർ ഞങ്ങളുടെ ഹൗസിൽ എത്തിച്ചേർന്നിരുന്നു. അവരോടൊപ്പം അച്ചന്മാർ ഒരുക്കിയ ഭക്ഷണവും കഴിച്ച് പ്രാർത്ഥനയോടെ ഞങ്ങളെ ഭരമേല്പിച്ച ശുശ്രൂഷയിലേക്ക് ഞങ്ങൾ കടന്നു. പരിശുദ്ധ കുർബാന പഠിക്കുന്നതിലും വചനത്തിലെ സംശയങ്ങളെ മാറ്റിയെടുക്കുന്നതിലും



അവർ തീക്ഷണതയോടെ ഞങ്ങളോട് സഹകരിച്ചു. ഗോത്രഭാഷയായ കൂയിയോ ഒഡീഷയിലെ ഒഡിയ ഭാഷയോ ഞങ്ങൾക്കറിയില്ലായിരുന്നു. ഞങ്ങൾ മലയാളത്തിലും ഹിന്ദിയിലുമായി എടുക്കുന്ന ക്ലാസ്സുകൾ മനു അച്ചനും ലിബിനച്ചനും മാറി മാറി അവരുടെ ഭാഷകളിൽ ആ മൂന്നു ദിവസവും അവരെ പഠിപ്പിച്ചു. പരിശുദ്ധ കുർബാന ക്രിസ്തീയ ജീവിതത്തിന്റെ ഉച്ചിയും ഉറവയുമാണെന്നും വചനം ക്രിസ്തു തന്നെയാണെന്നും വചനത്തിൽ കേന്ദ്രീകൃതമായ ജീവിതം പരിശുദ്ധ കുർബാനയിൽ കെട്ടിപടുക്കണമെന്നുള്ള പ്രബോധനം അവർ ആത്മാവിൽ ഗ്രഹിച്ചു. പരിശുദ്ധ കുർബാന അത് എന്റെ ജീവനെ മരണത്തിൽ നിന്നും നിത്യജീവനിലേക്ക് നയിക്കുന്നു എന്ന് അവർ തിരിച്ചറിഞ്ഞ നിമിഷങ്ങളെ സ്വർഗ്ഗവും ഏറ്റെടുക്കുന്നത് ഞങ്ങളും സന്തോഷത്തോടെ അനുഭവിച്ചറിഞ്ഞു. പിന്നീ



ടുള്ള ദിവസങ്ങളിൽ ഞങ്ങൾ രണ്ട് ഗ്രൂപ്പുകളിലായി തിരിഞ്ഞ് പല ഗ്രാമങ്ങളിലേക്കും ക്രിസ്തുവിന്റെ സുവിശേഷവുമായി പോയി എന്നോടൊപ്പം വന്ന ഷാജുചേട്ടനും, ഫ്രാൻസിസ് മാഷും (74 വയസ്സാണ് പ്രായം) ലിബിനച്ചനോടൊപ്പം കാണ്ഡമാലിലെ ഗ്രാമങ്ങളിൽ ചെന്ന് വചനം പങ്കുവച്ചു. ഇരുപത്തിയൊന്ന് വീടുകൾ ഉണ്ട്. അവിടുത്തെ കുട്ടികൾ സ്കൂളിൽ പോയിട്ടില്ല. ആശുപത്രികളിലേക്ക് പോകണമെങ്കിൽ കിലോമീറ്ററുകളോളം കാടിറങ്ങണം. എങ്കിലും അവരുടെ മുഖങ്ങളിൽ ക്രിസ്തുവിലുള്ള വിശ്വാസവും സ്നേഹവും നമുക്ക് ചിന്തിക്കാവുന്നതിലും അപ്പുറത്തായിരുന്നു. രാത്രിക്കു മുമ്പേ ഞാനും ജോസച്ചനും കാടിറങ്ങി. അമ്പ്രോസച്ചൻ അടുത്ത ദിവസത്തെ ശുശ്രൂഷകൾക്കായി അവരുടെ കൂടെ ഗ്രാമത്തിൽ തങ്ങി.

കുർബാനയെകുറിച്ച് പഠിക്കാൻ വന്നെത്തിയ എല്ലാ സഹോദരങ്ങളുടേയും ഗ്രാമത്തിലേക്ക് ഞങ്ങൾ പോയി. അവരുടെ വീടുകളിൽ ഞങ്ങൾ ചെന്നു. വചനം പ്രസംഗിച്ചു, പ്രാർത്ഥിച്ചു, അവരുടെ ഭക്ഷണം കഴിച്ചു. ക്രിസ്തുവിന്റെ സ്നേഹത്തിലും സഹനത്തിലും



അവരോടൊപ്പം ഞങ്ങളും പങ്കുകാരായി. മരക്കമ്പുകൾ കുത്തിനിർത്തി മണ്ണുതേച്ചു പിടിപ്പിച്ച് ചുവരുകൾ തീർത്ത അവരുടെ കുടിലുകളിൽ ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ നല്കി ഞങ്ങൾ യാത്ര പറഞ്ഞിറങ്ങി. ഗ്രാമങ്ങളിൽ നിന്ന് കാടിറങ്ങി, കാട്ടാറുകൾ കടന്ന് തിരികെ ബലിഗുഡയിൽ എത്തുമ്പോൾ ഞങ്ങളേയും കാത്ത് ജോമോനച്ചൻ അവിടെ വന്നിട്ടുണ്ടായിരുന്നു. ഒത്തിരി സന്തോഷത്തോടെ വിശേഷങ്ങൾ പങ്കുവച്ച് എല്ലാവരോടും ദൈവനാമത്തിൽ നന്ദി പറഞ്ഞ് പ്രഭാതബലിയർപ്പിച്ച് ഞങ്ങൾ മടക്കയാത്ര തുടങ്ങി. ആ തിരിച്ചുവരവിലും ഞങ്ങളുടെ ഹൃദയങ്ങൾ പരസ്പരം പങ്കു വച്ചത് ക്രിസ്തുവിന്റെ ആ കല്പനയായിരുന്നു.

“നിങ്ങൾ ലോകം മുഴുവൻ പോയി സകല ജനതകളോടും സുവിശേഷം പറയുവിൻ”.



# പ്രേഷിത വഴിയിൽ



സിസ്റ്റർ അൽബീന SMS

"നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' എന്ന ക്രിസ്തുനാഥന്റെ തിരുവചനങ്ങൾക്ക് ജീവിതം കൊണ്ട് സാക്ഷ്യം നൽകുന്നവരാണ് ഓരോ സമർപ്പിതരും. ലോകത്തിന്റെ നിലവിളിക്കുള്ള പ്രത്യുത്തരമാണ് എന്റെ ദൈവവിളി എന്ന് തിരിച്ചറിയുന്ന ഒരോ സമർപ്പിതരും, ഈ ലോകത്തിൽ തങ്ങളായിരിക്കുന്ന ശുശ്രൂഷ മണ്ഡലങ്ങളിൽ തമ്പുരാന്റെ കരം പിടിച്ചുകൊണ്ട്, നിലവിളിക്കുന്ന ജന സമൂഹത്തിന് പ്രത്യുത്തരം നൽകുന്നു.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ചു കൊണ്ട് സഭയും സഭാമക്കളും മുന്നോട്ട് നീങ്ങുമ്പോൾ, അവർക്ക് ഊർജ്ജവും ഓജസ്സും ജീവനും പകർന്ന് മുന്നേറുന്നവരാണ്

സമർപ്പിതർ. പ്രേഷിതത്വത്തിന്റെ വഴിത്താരയിൽ വഴി വിളക്കു തെളിക്കുന്നവർ. നുറുങ്ങിയ ഹൃദയങ്ങൾക്ക് ആശ്വാസമായി, കാരുണ്യം വറ്റിയ ലോകത്തിൽ കാരുണ്യമായി, സ്നേഹത്തിന്റെ ചെറുപുഞ്ചിരിയുമായി കടന്നു ചെന്ന്, പീഠത്തിൻമേൽ കത്തിച്ചുവെച്ച വിളക്കുകൾ പോൽ ഈ ലോകത്തിൽ ജീവിത ബലി പൂർത്തിയാക്കാൻ അയയ്ക്കപ്പെട്ടവരാണ് നമ്മൾ. ഈ മണ്ണിന്റെ മാലിന്യത്തിൽ താഴ്ന്നു പോകേണ്ടതല്ല സമർപ്പിത ജീവിതം. മണ്ണിന്റെ മലിനതയ്ക്കപ്പുറം നീലാകാശത്തിലെ താരങ്ങളെ സ്വപ്നം കാണുന്ന ഒരു ദർശനം കൈമുതലാക്കി, നിസ്സാരതയുടെ പിന്നാലെ ഓടി തീർക്കാതെ നിത്യതയെ തേടിപ്പായേണ്ടവരാണ് സമർപ്പിതർ. ക്രിസ്തു ശിഷ്യനും ഭാരതത്തിന്റെ അപ്പസ്തോലനുമായ വിശുദ്ധ തോമാശ്ലീഹാ ക്രിസ്തുവിന്റെ മുറിവിലേക്ക് നോക്കിയവനും ആ മുറിവിനെ സ്പർശിച്ചവനുമാണ്. ആ സ്പർശനത്തിന്റെയും മുറിവിന്റെയും ആഴം മനസ്സിലാക്കി ആ അപ്പസ്തോലനെ അനുഗമിക്കുന്നവരാണല്ലോ ഇന്ന് സെന്റ് തോമസ് മിഷനറി സൊസൈറ്റിയിലെ അംഗങ്ങൾ. “നമുക്കും അവനോടൊപ്പം പോയി മരിക്കാം” എന്ന ക്രിസ്തു ശിഷ്യനായ വി. തോമാശ്ലീഹായുടെ പ്രേഷിത തീക്ഷണതയാൽ നിറഞ്ഞ്ലോകത്തിന്റെ മുൻപിൽ ജീവിതം കൊണ്ടു സാക്ഷ്യം വഹിക്കുന്നവരാണ് MST വൈദികർ. പരസ്യ ജീവിതം പ്രഖ്യാപിച്ചുകൊണ്ട് നസ്രത്തിലെ സിനഗോഗിൽ എഴുന്നേറ്റ് നിന്ന് ഈശോ പറഞ്ഞത് “ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരുന്നു”





എന്നതാണ്. ബലഹീനമായവയെ ശക്തിപ്പെടുത്തിയും, തളർന്നവരെ താങ്ങി എഴുന്നേൽപ്പിച്ചും, മുറിവേറ്റവയെ വച്ചുകെട്ടിയും, പിതാവിന്റെ സ്നേഹം ക്രിസ്തു ലോകത്തിനു വെളിപ്പെടുത്തി. ആ സ്നേഹം MST സമൂഹം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് മണ്ഡ്യ മിഷനിൽ ഇന്ന് നിറവേറ്റിക്കൊണ്ടിരിക്കുന്നു.

"അവസാന ദിവസം ഞാൻ ഉയർപ്പിക്കപ്പെടും എല്ലാവരും എന്നിലേക്ക് ആകർഷിക്കപ്പെടും". ഈശോയാൽ ആകർഷിക്കപ്പെട്ട് സന്യാസജീവിതം തെരഞ്ഞെടുത്ത് ഞാൻ. അവിടുത്തെ വിളിക്ക് പ്രത്യുത്തരം നൽകിയപ്പോൾ, ഞാൻ അംഗമായിരിക്കുന്ന സ്നേഹഗിരി മിഷനറി സന്യാസിനി സമൂഹത്തിലൂടെ, നിലവിളിക്കുന്ന അനേകം മക്കളുടെ കണ്ണുനീരിന്റെ പ്രത്യുത്തരമാണ് എന്റെ സമർപ്പിത ജീവിതമെന്ന് ഞാൻ മനസ്സിലാക്കി. എന്റെ പരിശീലന കാലത്ത് മിഷനിൽ നിന്ന് വരുന്ന സിസ്റ്റേഴ്സ് മിഷൻ പ്രവർത്തനത്തിന്റെ



ബുദ്ധിമുട്ടുകളും അനുഭവങ്ങളും പങ്കുവെയ്ക്കുമ്പോൾ ഞാനും ഏറെ കൊതിച്ചിരുന്നു. ഞാൻ മനസ്സിലാക്കിയിരുന്നത് വിദൂരങ്ങളിൽ മിഷൻ പ്രവർത്തനത്തിന് ഒത്തിരി കഴിവും ഉത്സാഹവും ഉള്ളവരെയാണ് അയയ്ക്കുന്നത് എന്നാണ്. എന്നാൽ, ദൈവിക പദ്ധതി പ്രകാരം എന്റെ ആദ്യത്തെ Appointment മണ്ഡ്യ മിഷനിലെ, കാളനഹള്ളിയിൽ, MST അച്ചന്മാർ നടത്തുന്ന, (ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ഉന്നമനത്തിനായി) ദീപ്തി



നിവാസിലായിരുന്നു.

തോമാശ്ലീഹായുടെ ധീരതയോടെ സേവനമനുഷ്ഠിക്കുന്ന MST വൈദികരെ കണ്ടപ്പോൾ എന്റെ സന്തോഷം ഇരട്ടിയായി. പതിതരെയും പാവപ്പെട്ട വരെയും സ്വന്തമായി കാണുന്ന, കരുതുന്ന മനസ്സിന് സ്നേഹ ത്തിന്റെ കരങ്ങൾക്ക് ഉടമയായിരുന്നു അവർ. ഞാനായിരിക്കുന്ന ദീപ്തി നിവാസിന്റെ ഡയറക്ടർ (ബഹുമാനപ്പെട്ട സോജൻ ഐക്കരകുന്നേലച്ചൻ ഒരു ചെറു പുഞ്ചിരിയോടെ കടന്നുവരുന്ന വ്യത്യസ്ഥമായ കഴിവുകളുള്ള മാലാഖ കുഞ്ഞുങ്ങളെ തന്റെ ഇരുകരങ്ങളാൽ ഹൃദയത്തോട് ചേർത്തുനിർത്തുന്ന അച്ചന്റെ ജീവിതം എന്റെ സമർപ്പണ ജീവിതത്തിന്റെ വഴിത്താരയിലെ വലിയ പ്രചോദനമായിരുന്നു). കൂടാതെ ഒന്നു ചേർന്നുള്ള ഓരോ ദിവസത്തെ പ്രവർത്തനങ്ങളും ഭവനസന്ദർശനവും പ്രാർത്ഥനാകൂട്ടായ്മകളും വില്ലേജിലെ ഓരോ വ്യക്തിയുടെയും ഉന്നമനം ലക്ഷ്യമാക്കി ഉള്ളതായിരുന്നു. മണ്ഡ്യ മിഷനിൽ MST മിഷനറിമാരുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. വിവിധങ്ങ ളായ പ്രേഷിത മാർഗങ്ങളിലൂടെ മനുഷ്യരുടെ ആത്മീയ, ഭൗതിക, സാമൂഹിക പുരോഗമനത്തിനായി തയ്യൽക്ലാസുകൾ, കുട്ടികൾക്കായി ട്യൂഷൻ, കമ്പ്യൂട്ടർ സംഘടിപ്പിക്കുന്നതിലൂടെയും ക്ലാസുകൾ ഈ കൊറോണ കാലഘട്ടങ്ങളിൽ Food Kitകൾ വഴി വിതരണ ചെയ്യുന്നതിലൂടെയും ക്രിസ്തു സാക്ഷികളായി ധീരത യോടെ ഭവനങ്ങളിലേക്ക് കടന്നു ചെല്ലുന്ന കാഴ്ച ഏറെ ചാരിതാർത്ഥ്യം നിറഞ്ഞതാണ്. “എന്റെ എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്” എന്ന തിരുവചനം ഇവിടെ ഏറെ അന്വർത്ഥമാകുകയാണ് ഈ വൈദികരിലൂടെ.......

# ഫോട്ടോ ഫീച്ചർ

## കൊറോണ കാലത്തിലെ സ്നേഹതണൽ....






കൊറോണ കാലത്ത് എം. എസ്. റ്റി
വൈദികരുടെ നേതൃത്വത്തിൽ ഇന്ത്യയുടെ
വിവിധ ഭാഗങ്ങളിലായി നടത്തിയ സാമൂഹ്യ
ക്ഷേമ വികസന പ്രവർത്തനങ്ങളുടെ
നേർകാഴ്ച



# വഴിത്താര തീർക്കുന്നവർ

## ഫാ. ജോസഫ് കരോടൻ



തയാറാക്കിയത്: ഫാ. ജോർജ്ജ് കാച്ചിറ

**1. അച്ചന്റെ കുടുംബ പശ്ചാത്തലം, ഇടവക, വിദ്യാഭ്യാസം**

1967 ഒക്ടോബർ 6-ാം തീയതി മുട്ടുചിറ കരോടൻ (പറമ്പിൽ) കുടുംബത്തിൽ ജോൺ-മറിയക്കുട്ടി ദമ്പതികളുടെ അഞ്ചു മക്കളിൽ മൂന്നാമനായി ജനിച്ചു. അതീവ ദൈവഭക്തരായിരുന്നു എന്റെ മാതാപിതാക്കൾ. ദിവ്യബലിയിൽ ദിവസവും സംബന്ധിച്ചിരുന്നു. അനിതര സാധാരണമായ മാതൃഭക്തിക്കുടമയായിരുന്നു എന്റെ അമ്മ. എനിക്ക് 10 വയസ്സുള്ളപ്പോൾ പിതാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ജ്യേഷ്ഠ് സഹോദരങ്ങൾ 2004 ലും അമ്മ 2013 ലും സ്വർഗത്തിലേക്ക് യാത്രയായി.

AD 550 ൽ സ്ഥാപിതവും 1890 ൽ ഫൊറോനാതല ത്തിലേക്ക് ഉയർത്തപ്പെട്ടതും വി. അൽഫോസാമ്മയുടെ പാദ സ്പ ർശനത്താലും പ്രാർത്ഥനയാലും അനുഗ്രഹീതവുമായ മുട്ടുചിറയാ ണ് എന്റെ ഇടവക (പാലാ രൂപത). പരിശുദ്ധാരൂപിയുടെ നാമത്തി ലുള്ള ഇടവകയെപ്പറ്റി ഓർക്കുമ്പോൾ തന്നെ ആത്മീയമായ ഒരു ആനന്ദവും അഭിമാനവും എനിക്ക് അനുഭവപ്പെടും. മുട്ടുചിറ St. Agnes L.P School ലും Holy Ghost Boys High School ലും ആയിരു ന്നു എന്റെ പഠനം.

**2. അച്ചന്റെ ദൈവവിളിയെപ്പറ്റി...**



എന്റെ മാതാപിതാക്കന്മാർ, ബന്ധുക്കൾ, കുടുംബത്തിലെയും ഇടവകയിലെയും വൈദികർ, സി സ്റ്റേഴ്സ്, പ്രത്യേകിച്ച് എന്റെ ഇ ളയമ്മ Sr. Josefa C H F ഒരു മി ഷനറി വൈദികനാകുവാനുള്ള എന്റെ ആഗ്രഹത്തെ ഏറെ സ്വാ ധീനിച്ചിട്ടുണ്ട്. ഇളയമ്മയുടെ എ ഴുത്തുകൾ മിഷൻ വാർത്തകളാ ലും ചെറിയ പ്രാർത്ഥനകളാലും സമ്പന്നമായിരുന്നു. അൾത്താര ബാലസംഘവും, മിഷൻ ലീഗ് ക്യാമ്പുകളും, കുഞ്ഞു മിഷനറി, സ്നേഹ സേന മാസികകളും മി ഷനറി ആകുവാനുള്ള എന്റെ ആഗ്രഹത്തെ പരിപോഷിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചു.

**3. MSTയിൽ ചേരുവാൻ ഇടയായ സാഹചര്യം ഒന്നു പങ്കു വയ്ക്കാമോ!?**

ഏഴാം ക്ലാസ്സു മുതൽ സലേഷൻ വൈദികരുമായി കത്തിടപാടു കൾ ഉണ്ടായിരുന്നു. അവിടെ ദൈവവിളി ക്യാമ്പും കൂടി സലേഷ ൻ സെമിനാരിയിലേക്കു പോകുവാനുള്ള തയ്യാറെടുപ്പിന്റെ അവ സാന ഘട്ടത്തിലാണ് അന്നത്തെ വികാരിയച്ചൻ ബഹു.ജോസഫ് നാട്ടുനിലത്തിൽ, MST- യെ പ്പറ്റി പറഞ്ഞത്. സത്യം പറഞ്ഞാൽ ആദ്യമെ മടി തോന്നി. MST ഒരു മിഷനറി സമൂഹമാണ് എന്ന് അ ച്ചൻ പറഞ്ഞപ്പോൾ സമ്മതിച്ചു. സത്യം പറഞ്ഞാൽ MST ഞാൻ



തെരഞ്ഞെടുത്തതല്ല. മറിച്ച് അന്നത്തെ വികാരിയച്ചൻ വഴി ഈശോ MST- യെ എനിക്കു സമ്മാനിച്ചതാണ്.

**4. ദീപ്തി മൈനർ സെമിനാരിയിൽ വളരെ ടൗരരലളൈൗഹ ആയ റെക്ടർ ആയിട്ടാണ് അച്ചൻ അറിയപ്പെടുന്നത്. അതിനെകുറിച്ച് ഒന്നു പറയാമോ?**

ഇവിടെ Successful എന്നത് ഒരു ഭംഗിവാക്കായിട്ട് പ്രയോഗിച്ചതല്ലേ? ശരിയാണ്, 12 വർഷത്തിൽ കൂടുതൽ ഞാൻ സെമിനാരിയിൽ പഠിപ്പിച്ചു. ദൈവാനുഗ്രഹം ഉണ്ടായിരുന്നു. സഹപ്രവർത്തകർ എല്ലാം നല്ലവരായിരുന്നു. Spiritual Formation നു കൊടുക്കുന്ന അതേ പ്രാധാന്യം Human Formation നും നാം കൊടുക്കണം. കാരണം വൈദികർ ഇടവകയിലാണെങ്കിലും മിഷൻ രംഗത്താണെങ്കിലും ജനങ്ങളുമായി ബന്ധപ്പെട്ടു കഴിയേണ്ടവരാണ്. വൈദികരുടെ ഭാഗത്തുനിന്നും സംഭവിക്കുന്ന ചെറിയ വീഴ്ചകൾ പോലും



വലിയ ഇടർച്ചകൾക്കു കാരണമാകും.

**5. മിഷൻ പ്രവർത്തനത്തെക്കുറിച്ച് പങ്കുവെയ്ക്കാമോ?**

വൈദികനായതിനുശേഷം മധ്യപ്രദേശിലെ ഉജ്ജയിൻ രൂപതയിലേക്കാണ് ഞാൻ ആദ്യം അയ്ക്കപ്പെട്ടത്. പിന്നീട് ദീപ്തി മൈനർ സെമിനാരിയിലും, കുറച്ചുനാൾ മാനന്തവാടി, പാലക്കാട് രൂപതകളിലും, ഫ്ളോറിഡയിലെ St. Peters burg രൂപതയിലും സേവനമനുഷ്ഠിക്കുവാൻ സാധിച്ചു. മിഷൻ പ്രദേശത്ത് സേവനമനുഷ്ടിക്കുവാനുള്ള ആഗ്രഹം മേലധികാരികളെ അറിയിച്ചപ്പോൾ എന്നെ MST യുടെ ഡൽഹി ഡെലഗേഷനിലേക്ക് അയച്ചു. പഞ്ചാബിലും ഹിമാചൽ പ്രദേശിലും കുറച്ചുനാൾ പ്രവർത്തിച്ചു. ഇപ്പോൾ ഡൽഹിയിൽ നജഫ്ഗഢിലുള്ള ദീപ്തി ആശ്രമത്തിൽ സേവനമനുഷ്ഠിക്കുന്നു. ഇവിടെ ഒരു ചെറിയ ഇടവകയും, വെയിസ്റ്റ് പെറുക്കി ജീവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ ഒരു ഹോസ്റ്റലും HIV ബാധിച്ച ആൺകുട്ടികളുടെ ഒരു ഹോസ്റ്റലും ഉണ്ട്. മൊത്തം 80 കുട്ടികൾ, എല്ലാവരും നന്നായി പഠിക്കുന്നു.

**6. അച്ചന്റെ മിഷൻ പ്രവർത്തനങ്ങളുടേയും അനുഭവങ്ങളുടേയും വെളിച്ചത്തിൽ സാന്തോം ഫെലോഷിപ്പ് അംഗങ്ങൾക്ക് നല്കുവാനുള്ള സന്ദേശം എന്താണ്?**

വേദനിപ്പിക്കുന്നതും സംതൃപ്തി നൽകുന്നതുമായ ഒത്തിരി അനുഭവങ്ങൾ പൗരോഹിത്യ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. ഒരു അനുഭവം പങ്കുവെച്ചുകൊണ്ട് സന്ദേശം നല്കാം. ഫ്ളോറിഡായിലെ ഒരു ക്രിസ്മസ് ദിനം, ഉച്ചക്കുർബാന കഴിഞ്ഞ് ഭക്ഷണമുണ്ടാക്കി ഒറ്റക്കിരുന്ന് കഴിക്കുമ്പോൾ ഒരു ഒറ്റപ്പെടലിന്റെ വിഷമം. പെട്ടന്നാണ് സാധാരണ ഞായറാഴ്ച പതിനൊന്നുമണി കുർബാനയ്ക്ക് പല Eucharistic ൽ ഒരാളായ Mr Robert നെ പള്ളിയിൽ കണ്ടില്ലല്ലോ എന്ന് ഓർത്തത്. നല്ല മനുഷ്യൻ, ഉറച്ച ദൈവവിശ്വാസി, 80ന് അടുത്ത





പ്രായം. വൈകുന്നേരം അദ്ദേഹത്തിന്റെ വീട്ടിൽ പോകുവാൻ തീരുമാനിച്ചു. വണ്ടി അല്പം മുന്നോട്ടു പോയപ്പോഴാണ് അദ്ദേഹത്തിന് ക്രിസ്മസ് സമ്മാനം എന്തുകൊടുക്കും എന്ന് ഓർമിച്ചത്. തിരികെ പള്ളിയിൽ കയറി ദിവ്യകാരുണ്യം (തിരുവോസ്തി) എടുത്തു. ഡോർ ബെല്ലു കേട്ടു വാതിൽ തുറന്ന അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് അപ്രതീക്ഷിതമായി എന്നെ കണ്ടപ്പോൾ അതിശയം. കട്ടിലിൽ നിന്നും അദ്ദേഹം എഴുന്നേറ്റു സ്തുതി ചൊല്ലി. ദിവ്യകാരുണ്യത്തെപ്പറ്റി പറഞ്ഞപ്പോൾ അദ്ദേഹം കരഞ്ഞു കൊണ്ടു പറഞ്ഞു. അച്ചോ ഇന്ന് ക്രിസ്മസ് ആയിട്ട് വി. കുർബാനയിൽ പങ്കെടുക്കുവാനും ദിവ്യകാരുണ്യം സ്വീകരിക്കുവാനും പറ്റാത്തതിലുള്ള സങ്കടത്തിലായിരുന്നു ഞാൻ. കുർബാന സ്വീകരണത്തിനുമുമ്പ് എനിക്കു കുമ്പസാരിക്കണം അച്ചോ. കുമ്പസാരം കഴിഞ്ഞു. വി. കുർബാന പകുത്ത് അദ്ദേഹത്തിനും ഭാര്യയ്ക്കും നല്കി. അതിനുശേഷം ഒന്നിച്ചു കാപ്പി കുടിച്ചു. അന്നു വൈകുന്നേരം 8 മണിക്ക് അദ്ദേഹം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സ്നേഹമുള്ള സാന്തോം അംഗങ്ങളെ, നന്മ ചെയ്യു



വാൻ ഒരു ഉൾപ്രേരണ തോന്നുമ്പോൾ അത് ഉടൻ ചെയ്യുക. ആരുടെ എങ്കിലും പ്രാർത്ഥനയുടേയും ആഗ്രഹത്തിന്റേയും ഉത്തരമായിട്ടായിരിക്കാം ആ പ്രേരണ ദൈവം നമുക്ക് നല്കുന്നത്. അതുപോലെ എപ്പോഴും സന്തോഷചിത്തരായിരിക്കുവിൻ (ഫിലി 4:4) നന്മ കൊണ്ടു തിന്മയെ കീഴടക്കുവിൻ
(Rom 12:21)



Santhome Fellowship vol. 11 No. 2 Dukhrana 2021 ₹ 25

ഭാരതം കതിരുകണ്ടു... ഭൂമുഖം
തെളിവുകണ്ടു...മാർത്തോമാ നീ തെളിച്ച
മാർഗ്ഗത്തിൽ ആയിരങ്ങൾ ആനന്ദ കാന്തികണ്ടു

